<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2194</u> <u>14-10-2024 - ൽ മറുപടിയ്ക്ക്</u>

<u>വനിതകൾ ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നത്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിതകൾ ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ? | (എ) | (എ) വനിതകൾ ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം 'വിദ്യാധനം' എന്ന പേരിൽ നടപ്പിലാക്കി വരുന്നു.<br><br>BPL (മുൻഗണനാ വിഭാഗം) വിഭാഗത്തിൽപ്പെട്ട വിവാഹ മോചിതരായ വനിതകൾ, ഭർത്താവ് ഉപേക്ഷിച്ചുപോയ വനിതകൾ, ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ വനിതകൾ, ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/പക്ഷാഘാതം കാരണം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്ത വിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകൾ, നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകൾ എന്നിവരുടെ കുട്ടികൾക്ക് ധനസഹായത്തിന് അർഹതയുണ്ട്. കൂടാതെ എ.ആർ.ടി തെറാപ്പി ചികിൽസയ്ക്ക് വിധേയരാകുന്ന HIV ബാധിതരായ വ്യക്തികളുടെ കുട്ടികൾക്കും ധനസഹായത്തിന് അർഹതയുണ്ട്. ഒരു കുടുംബത്തിലെ പരാമാവധി രണ്ടു കുട്ടികൾക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. സംസ്ഥാന സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായം അനുവദിക്കുന്നത്. ടി പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | കുട്ടി പഠിയ്ക്കുന്ന ക്ലാസ്സ് | വിദ്യാഭ്യാസ ധനസഹായമായി പ്രതിവർഷം അനുവദിക്കുന്ന തുക |
|---|---|---|
| 1 | സാമ്പത്തിക സഹായം അനുവദിക്കുന്ന 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 മുതൽ 5 വരെ ക്ലാസ്സിലുള്ള കുട്ടികൾക്കും | 300 രൂപ വീതം 10 മാസത്തേയ്ക്ക്- 3000/-രൂപ |
| 2 | 6 മുതൽ 10-ാം ക്ലാസ്സ് വരെ | 500 രൂപ വീതം 10 മാസത്തേയ്ക്ക്- 5000/-രൂപ |
| 3 | പ്ലസ്സ് വൺ, പ്ലസ്സ് ടു ക്ലാസ്സുകൾ | 750 രൂപ വീതം 10 മാസത്തേയ്ക്ക്- 7500/-രൂപ |
| 4 | സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ഡിഗ്രി കോഴ്സുകൾ/അതിന് മുകളിലുള്ള തുടർ വിദ്യാഭ്യാസം പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെ | 1000 രൂപ വീതം 10 മാസത്തേയ്ക്ക്- 10000-രൂപ |

സെക്ഷൻ ഓഫീസർ